LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ബഡ്ജറ്റ് വിഹിതത്തിൽ കൂടുതൽ തുക ചെലവഴിച്ചുകൊണ്ട് പൊതുമരാമത്ത് നിരത്ത്, ദേശീയപാതാ വിഭാഗങ്ങളിൽ നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. കെട്ടിട വിഭാഗത്തിൽ ബഡ്ജറ്റ് വിഹിതത്തിൽ കൂടുതൽ തുക ചെലവഴിച്ചിട്ടില്ല.

(ബി) ദേശീയപാത വിഭാഗത്തിൽ 2014-15 കാലയളവിൽ ബഡ്ജറ്റ് വിഹിതത്തിന്റെ 193 ശതമാനവും നിരത്തു വിഭാഗത്തിൽ 170 ശതമാനവും തുക ചെലവഴിച്ചാണ് നേട്ടം കൈവരിച്ചത്. അതിനായി പ്രവൃത്തികൾക്ക് യഥാസമയം ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി പ്രവൃത്തികൾ ടെണ്ടർ ചെയ്യുകയും സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കാനുമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ചാത്തങ്കൈ റെയിൽ ഓവർബ്രിഡ്ജ്

127 (T 2623) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ഡോ. പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ ഉൾപ്പെടുത്തി ചാത്തങ്കൈ റെയിൽ ഓവർബ്രിഡ്ജ് നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകണമെന്ന സ്ഥലം എം.എൽ.എ.യുടെ ഹർജിയിൽ എന്തെങ്കിലും തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ചെമ്മനാട് ഗ്രാമപഞ്ചായത്ത് സെന്റേജ് ചാർജ് അടച്ച് 5 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള പ്രസ്തുതപ്രവൃത്തി ഡോ. പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ വിട്ടുപോയതു ഉൾപ്പെടുത്തണമെന്ന ആവശ്യം പരഗണിക്കുമോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ & ബി) ചെമ്മനാട് ഗ്രാമപഞ്ചായത്തിന്റെ അഭ്യർത്ഥന പ്രകാരം ചാത്തങ്കൈ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം ഡെപ്പോസിറ്റ് വ്യവസ്ഥയിൽ നടത്തുന്നതിന് റെയിൽവേ സമ്മതിക്കുകയും പ്രസ്തുത നിർമ്മാണത്തിനാവശ്യമായ തുക കെട്ടിവയ്ക്കുന്നതിന് പഞ്ചായത്തിനോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. ബഹുമാനപ്പെട്ട എം.എൽ.എ. യുടെ ആവശ്യപ്രകാരം ഡോ. പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിന് രൂപീകരിച്ചിട്ടുള്ള എംപവേർഡ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് പ്രസ്തുത പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു